പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1545 **01-07-2026-ൽ മറുപടിയ്ക്ക്**

ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡിജിറ്റൽ ആരോഗ്യ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനം നിലവിൽ എത്ര ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മറുപടി: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലുടനീളം ആരോഗ്യ സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ വ്യാപിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. eHealth Hospital Management System (HMS) സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കി, രോഗി രജിസ്ട്രേഷൻ, ഒ.പി. സേവനങ്ങൾ, ലബോറട്ടറി, clinical procedures, ഫാർമസി, ബില്ലിംഗ്, Electronic Health Records, Digital Payments എന്നിവയും IP Patient അഡ്മിഷൻ, Pay Ward Admission, ബെഡ് അലോക്കേഷൻ, ലാബ് ടെസ്റ്റ്, ഡിസ്ചാർജ് Summary തയ്യാറാക്കൽ എന്നിവയും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്.

2. Janakeeya Arogya Kendram-Public Health (JAK PH) App മുഖേന ഓരോ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെയും പരിധിയിലുള്ള ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റലായി ശേഖരിച്ച് HMS-മായി ബന്ധിപ്പിച്ചിരിക്കുന്നു. JAK PH App വഴി ശേഖരിക്കുന്ന വിവരങ്ങൾ രോഗി ആശുപത്രിയിൽ എത്തുമ്പോൾ ഡോക്ടറുടെ സ്ക്രീനിൽ ലഭ്യമാകുന്നതിനാൽ Continuity of Care ഉറപ്പാക്കി കൂടുതൽ കൃത്യവും ഗുണമേന്മയുള്ളതുമായ ചികിത്സ നൽകാൻ സാധിക്കുന്നു. അതുപോലെ HMS-ൽ രേഖപ്പെടുത്തുന്ന പൊതുജനാരോഗ്യ വിവരങ്ങൾ JAK PH App വഴി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാകുന്നതിലൂടെ ഫീൽഡ് തല ആരോഗ്യ സേവനങ്ങൾ കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യാനും നടപ്പാക്കാനും കഴിയും.

3. രോഗികൾക്ക് തുടർച്ചയായ ചികിത്സ ഉറപ്പാക്കുന്നതിനായി ആധാർ അധിഷ്ഠിത Unique Health ID (UHID) അനുവദിച്ചുവരുന്നു.

4. eHealth HMS നെ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനു (ABDM)-മായി സംയോജിപ്പിച്ച് ABHA സൃഷ്ടിക്കൽ, രോഗിയുടെ സമ്മതത്തെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യ രേഖകളുടെ പങ്കുവെക്കൽ, Interoperability എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

5. ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ്, Scan & Share, ഡിജിറ്റൽ പ്രസ്ക്രിപ്ഷൻ, ലബോറട്ടറി റിപ്പോർട്ടുകളുടെ ഓൺലൈൻ ലഭ്യത, പൗരന്മാർക്കുള്ള മൊബൈൽ സേവനങ്ങൾ എന്നിവ നടപ്പിലാക്കി ആരോഗ്യ സേവനങ്ങളുടെ ലഭ്യതയും കാര്യക്ഷമതയും മെച്ചപ്പെടുത്തിയിട്ടുണ്ട്.

6. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുകയും, centralized hosting at Kerala State Data Centre, സൈബർ സുരക്ഷാ സംവിധാനങ്ങൾ, നിരന്തര നിരീക്ഷണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

eHealth Hospital Management System (HMS) സംസ്ഥാനത്തെ 741 ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന് പുറമേ Patient registration, advance appointment എന്നീ സംവിധാനങ്ങൾ 374 ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ